(ബി) മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

തേയിലയുടെ വില്പന നികുതി

18 [3271] *ശ്രീ. തോമസ് ഉണ്ണിയാടൻ:*

" *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കപ്പെട്ട തേയില വിൽക്കപ്പെടുന്നതുവഴി വില്പന നികുതിയിനത്തിൽ കഴിഞ്ഞ മൂന്ന് കൊല്ലക്കാലത്ത് എന്തു തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിച്ചതും അല്ലാത്തതുമായ തേയിലയുടെ വില്പനവഴി കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷക്കാലത്ത് വിൽപ്പന നികുതിവഴി ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ;

(സി) വില്പന നികുതി പിരിവ് കാര്യക്ഷമമാക്കുവാനും വില്പന നികുതി ഉദ്യോഗസ്ഥർ വ്യാപാരികളെ അനാവശ്യമായി പീഡിപ്പിക്കാതിരിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) (i) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വില്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നു.

(ii) കുടിശ്ശിക പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽനിന്ന് നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(iii) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കിക്കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ (നിയമം) കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iv) വ്യാപാരികളെ പീഡിപ്പിക്കുന്നതായി പരാതി ലഭിച്ചാൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ അനുവദിക്കുന്ന തുകകൾ കാലതാമസം കൂടാതെ ട്രഷറികളിൽ നിന്നും ലഭിക്കുന്നതിന് നടപടി

19 [3272] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുവദിക്കുന്ന തുകകൾ കാലതാമസം കൂടാതെ ട്രഷറികളിൽനിന്നും ലഭിക്കുന്നതിന് എന്തെങ്കിലും പരിഷ്കാരങ്ങൾ ധനകാര്യ വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ ഉയർന്ന പലിശനിരക്കിലുള്ള കടങ്ങൾ കുറഞ്ഞ പലിശ നിരക്കിലുള്ള കടങ്ങളായി മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. വിവിധ വകുപ്പുകൾ പ്രതിമാസം ചെലവഴിക്കാൻ അനുവദനീയമായ തുകയുടെ പരിധി ധനകാര്യ വകുപ്പ് നിർണ്ണയിക്കുന്നതിനുപകരം വകുപ്പുതലവന്മാരെ ചുമതലപ്പെടുത്തി. വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളും തൊഴിലില്ലായ്മാ വേതനവും എല്ലാ പ്രവൃത്തി ദിവസങ്ങളിലും വിതരണം നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉയർന്ന പലിശനിരക്കിലുള്ള കടങ്ങൾ കുറഞ്ഞ പലിശനിരക്കിലുള്ള കടങ്ങളായി മാറ്റുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഡെറ്റ് സ്വാപ് പദ്ധതിയിൽ സംസ്ഥാനവും പങ്കാളിയായിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഉയർന്ന പലിശ നിരക്കിലുണ്ടായിരുന്ന 2904.18 കോടി രൂപയുടെ കടം കുറഞ്ഞ പലിശനിരക്കിൽ കടമെടുത്തു വീട്ടിയിട്ടുണ്ട്.

വണ്ടൂരിൽ സബ്ട്രഷറി ആരംഭിക്കാൻ നടപടി

20 [3273] *ശ്രീ. കെ. എൻ. എ. ഖാദർ:*

" *ഇസ്ഹാക്ക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുമെന്ന് 2005 സംസ്ഥാന ബജറ്റ് അവതരണവേളയിൽ സർക്കാർ പ്രഖ്യാപിച്ചിരുന്നത് ഏതൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly